LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2005 ജൂലായ് 4, തിങ്കൾ

വാല്യം CXXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

നിയമസഭ 2005 ജൂലായ് മാസം 4-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

ചരമോപചാരം

ടി. കെ. ബാലന്റെ നിര്യാണം സംബന്ധിച്ച്

മി. സ്പീക്കർ: ഓർഡർ, ഓർഡർ..... ജീവിതത്തിൽ ലാളിത്യവും വാക്കുകളിൽ മിതത്വവും കർത്തവ്യത്തിൽ പ്രതിബദ്ധതയും കാട്ടി ഒരു പതിറ്റാണ്ട് നിയമസഭയിൽ സജീവസാന്നിദ്ധ്യമായിരുന്ന ടി. കെ. ബാലൻ അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞു. കണ്ണൂർ ജില്ലയിലെ ധർമ്മടത്ത് 1937 ഫെബ്രുവരി 13-ന് പി. കെ. കൃഷ്ണന്റേയും ടി. പാർവ്വതിയുടേയും മകനായി ടി. കെ. ബാലൻ ജനിച്ചു. സെക്കണ്ടറി സ്ക്കൂൾ വിദ്യാഭ്യാസാനന്തരം മദ്രാസ് വെറ്ററിനറി കോളേജിൽ നിന്ന് സ്റ്റോക്ക്മാൻ കോഴ്സ് പൂർത്തിയാക്കി. 1956-ൽ അദ്ദേഹം അന്നത്തെ മദ്രാസ് മൃഗസംരക്ഷണവകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറായി ജോലിയിൽ പ്രവേശിച്ചു. മാർക്സിസ്റ്റ് ആദർശങ്ങളിൽ ആകൃഷ്ടനായി രാഷ്ട്രീയ-സാമൂഹ്യ രംഗത്ത് പ്രവർത്തിച്ച് ഇടതുപക്ഷപ്രസ്ഥാനത്തിന്റെ നേതൃനിരയിലേക്ക് ഉയർന്ന ടി.കെ.ബാലൻ, വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെയാണ് അരങ്ങേറ്റം കുറിച്ചത്. സ്റ്റുഡന്റ്സ് ഫെഡറേഷന്റെ മുന്നണിപ്പോരാളിയായിരുന്ന അദ്ദേഹം 1960-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി. 1962-ൽ എൻ.ജി.ഒ. യൂണിയൻ രൂപീകരിക്കപ്പെട്ടതു മുതൽ അതിന്റെ സജീവപ്രവർത്തകൻ ആയിരുന്നു. സർവ്വീസ് സംഘടനാ പ്രവർത്തനമായിരുന്നു അദ്ദേഹത്തിന്റെ തട്ടകം. ചടുലമായ പ്രവർത്തനശൈലിയും തികഞ്ഞ പ്രതിബദ്ധതയും കൈമുതലായിട്ടുള്ള ബാലൻ എൻ.ജി.ഒ. യൂണിയൻ കണ്ണൂർ ജില്ലാ പ്രസിഡന്റ്, സെക്രട്ടറി, സംസ്ഥാന ജനറൽ സെക്രട്ടറി, പ്രസിഡന്റ് എന്നീ പദവികൾ അലങ്കരിച്ചിട്ടുണ്ട്. 1975 മുതൽ ഒന്നര ദശാബ്ദക്കാലം അദ്ദേഹം സംഘടനയെ സമർത്ഥമായി നയിച്ചു. കരുത്തുറ്റ സംഘാടകനും വാഗ്മിയുമായിരുന്ന ബാലൻ ഒട്ടേറെ അനുബന്ധ സർവ്വീസ് സംഘടനകളുടെ നേതൃനിരയിലും പ്രവർത്തിച്ചു. ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് എംപ്ലോയീസ് ആന്റ്

ടീച്ചേഴ്സ്, ആൾ ഇൻഡ്യാ സ്റ്റേറ്റ് ഗവൺമെന്റ് എംപ്ലോയീസ് ഫെഡറേഷൻ എന്നിവയുടെ എക്സിക്യൂട്ടീവ് കമ്മിറ്റികളെ തന്റെ ശ്രദ്ധേയമായ സാന്നിദ്ധ്യം വഴി അദ്ദേഹം ധന്യമാക്കി. പിന്നോക്ക വിഭാഗ കോർപ്പറേഷൻ എംപ്ലോയീസ് അസോസിയേഷൻ, നോൺ ടീച്ചിംഗ് സ്റ്റാഫ് യൂണിയൻ എന്നീ സംഘടനകളുടെ പ്രസിഡന്റായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. 1990-ൽ ജില്ലാ കൗൺസിലിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ വിജയിച്ച ടി. കെ. ബാലൻ കണ്ണൂർ ജില്ലാ കൗൺസിൽ പ്രസിഡന്റായി. ഈ ഘട്ടത്തിൽത്തന്നെ ജില്ലാകൗൺസിൽ പ്രസിഡന്റ്സ് ചേംബറിന്റെ പ്രസിഡന്റായും അദ്ദേഹം പ്രവർത്തിച്ചു. അധികാര വികേന്ദ്രീകരണം സംബന്ധിച്ച 'സെൻ കമ്മിറ്റി' യിൽ അംഗമായിരുന്ന ടി. കെ. ബാലൻ കേരളത്തിൽ അധികാര വികേന്ദ്രീകരണത്തിനായി നൽകിയ സംഭാവനകൾ വിസ്മരിക്കാവുന്നതല്ല. 1990-ൽ സി.പി.ഐ.(എം) കണ്ണൂർ ജില്ലാ കമ്മിറ്റി അംഗമായി പാർട്ടിയുടെ നേതൃത്വത്തിലെത്തിയ ബാലൻ സംസ്ഥാന കമ്മിറ്റി അംഗമായി. 2002-ൽ സി.പി.ഐ. (എം) കേന്ദ്ര കൺട്രോൾ കമ്മിഷൻ അംഗമായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം മരണംവരെയും ആ സ്ഥാനത്ത് തുടർന്നു. 1996-ലും 2001-ലും അഴീക്കോട് നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭയിലെത്തിയ ടി. കെ. ബാലൻ ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ സഭാവേദിയെ ഫലപ്രദമായി വിനിയോഗിച്ചുകൊണ്ട് മാതൃകാ നിയമസഭാ സാമാജികൻ എന്ന ഖ്യാതി നേടി. പ്രതിപാദ്യ വിഷയത്തിന്റെ നാനാവശങ്ങളേയും ഗഹനമായി പഠിച്ച് സഭയിൽ അവതരിപ്പിക്കുന്ന അദ്ദേഹത്തിന്റെ വാക്കുകൾ തികഞ്ഞ ഗൗരവത്തോടെയാണ് മറ്റ് അംഗങ്ങളും വിശിഷ്യാ ഭരണനേതൃത്വവും ശ്രവിച്ചിരുന്നത്. പക്വമതിയായ അദ്ദേഹം വിഭിന്നങ്ങളായ അഭിപ്രായങ്ങളേയും സമീപനങ്ങളേയും സമചിത്തതയോടും സഹിഷ്ണുതയോടും ഉൾക്കൊണ്ടു. പരിണതപ്രജ്ഞനായ ബാലൻ നിയമസഭാ സമിതികളുടെ പ്രാധാന്യം മനസ്സിലാക്കി സഗൗരവം സമിതിയുടെ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു. 1996 മുതൽ 1998 വരെ അദ്ദേഹം ഹൗസ് കമ്മിറ്റി ചെയർമാനായി പ്രവർത്തിച്ചു. വിവിധ ഘട്ടങ്ങളിലായി പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി, സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം സംബന്ധിച്ച സമിതി, പ്രിവിലേജസ് ആന്റ് എത്തിക്സ് കമ്മിറ്റി, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി എന്നിവയിലും അദ്ദേഹം അംഗമായിരുന്നു. സർവ്വീസ് സംഘടനാ രംഗത്ത് മൂന്ന് ദശാബ്ദങ്ങളിലെ അനുഭവസമ്പത്തുള്ള ബാലൻ രാഷ്ട്രീയ വിശ്വാസപ്രമാണങ്ങൾക്കതീതനായി വ്യക്തിബന്ധങ്ങൾ അകമഴിഞ്ഞു കാത്തു സൂക്ഷിച്ചിരുന്നു. തൊഴിലാളി പ്രസ്ഥാനങ്ങൾക്ക് കരുത്തേകിയ സംശുദ്ധനായ കർമ്മധീരൻ, കരുത്തുറ്റ സംഘാടകൻ, മികച്ച പാർലമെന്റേറിയൻ എന്നീ നിലകളിൽ കർമ്മകുശലതയും അനിതരസാധാരണമായ വ്യക്തിത്വവും പുലർത്തിയ ബാലന്റെ നിര്യാണം ജനാധിപത്യ കേരളത്തിനും തൊഴിലാളി പ്രസ്ഥാനങ്ങൾക്കും പൊതുജീവിതത്തിനും വൻ ശൂന്യതയാണ് സൃഷ്ടിച്ചിരിക്കുന്നത്.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: സർ, ടി. കെ. ബാലനെക്കുറിച്ച് അങ്ങ് ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. ഒരു പൊതുപ്രവർത്തകന് ഉണ്ടാകേണ്ട എല്ലാ ഗുണങ്ങളുമുണ്ടായിരുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

നേതാവായിരുന്നു ടി. കെ. ബാലൻ. ജീവിതത്തിൽ ലാളിത്യവും സമീപനത്തിൽ ആത്മാർത്ഥതയും പ്രവർത്തനത്തിൽ അർപ്പണബോധവും, അത് അക്ഷരാർത്ഥത്തിൽ ടി. കെ. ബാലനിൽ നമുക്ക് കാണാൻ സാധിക്കുമായിരുന്നു. 35 വർഷക്കാലം സർവ്വീസ് സംഘടനകളുടെ നേതൃനിരയിൽ നിന്നുകൊണ്ട് അവരുടെ അവകാശങ്ങൾക്കും ആവശ്യങ്ങൾക്കും വേണ്ടി അദ്ദേഹം പോരാടി. ഏതാണ്ട് പത്തു വർഷക്കാലത്തോളം നിയമസഭാംഗമെന്ന നിലയിൽ ഈ സഭയിൽ തന്റെ സജീവമായ സാന്നിദ്ധ്യം തെളിയിച്ചു. പ്രസംഗത്തിലാണെങ്കിലും പ്രവർത്തനത്തിലാണെങ്കിലും അദ്ദേഹത്തിന്റെ കമ്മിറ്റ്മെന്റ് എത്രയെന്ന് നമുക്ക് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടാകുമായിരുന്നില്ല. ഇവിടെ നടത്തുന്ന പ്രസംഗങ്ങളെല്ലാം അദ്ദേഹം ഹൃദയത്തിൽത്തട്ടി പറയുന്ന കാര്യങ്ങളായിരുന്നു. പഠിച്ച്, കാര്യങ്ങളെ പൂർണ്ണമായും വിലയിരുത്തിയിരുന്നു എന്നുള്ളത് അദ്ദേഹത്തിന്റെ ഏത് പ്രസംഗം കേട്ടാലും നമുക്ക് മനസ്സിലാക്കാൻ സാധിക്കുമായിരുന്നു. താൻ വിശ്വസിക്കുന്ന തത്വങ്ങൾക്കുവേണ്ടി, വിശ്വാസങ്ങൾക്കുവേണ്ടി വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുമ്പോൾ തന്നെ അദ്ദേഹം വ്യക്തിബന്ധങ്ങൾക്ക് വളരെ പ്രാധാന്യം കൊടുത്തിരുന്നു. സൗഹൃദബന്ധങ്ങൾക്ക് അദ്ദേഹം പ്രത്യേകമായ പരിഗണന നൽകിയിരുന്നു. ബാലന്റെ നിര്യാണം പൊതുജീവിതത്തിനുതന്നെ, പൊതുപ്രവർത്തന രംഗത്തിനുതന്നെ ഒരു നഷ്ടമായിട്ടാണ് ഞാൻ കാണുന്നത്. ഒരു മാതൃകാ പൊതുപ്രവർത്തകൻ എന്ന നിലയിൽ നമുക്ക് എന്നും ഓർക്കാൻ സാധിക്കുന്ന ബാലന്റെ സ്മരണയ്ക്കു മുമ്പിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)*: സ്പീക്കർ സർ, സഖാവ് ടി. കെ. ബാലന്റെ ആകസ്മികമായ നിര്യാണത്തെ സംബന്ധിച്ച് അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. ചെറുപ്പത്തിലേതന്നെ ഇടതുപക്ഷപ്രസ്ഥാനങ്ങളിൽ ആകൃഷ്ടനായ അദ്ദേഹം വിദ്യാർത്ഥി പ്രസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്നു. തുടർന്ന് സർക്കാർ സർവ്വീസിൽ പ്രവേശിച്ചതിനുശേഷം, സർക്കാർ ജീവനക്കാരുടെ സംഘടന കെട്ടിപ്പടുത്ത് അതിലൊക്കെ സജീവ പോരാളിയായി ദീർഘകാലം പ്രവർത്തിച്ചുകൊണ്ട് ജീവനക്കാരുടെ സ്നേഹ ബഹുമാനങ്ങൾ ആർജ്ജിച്ചു. ഒരു ജനപ്രതിനിധിയായി ആദ്യമായി ജില്ലാ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ട് ജില്ലാ കൗൺസിൽ പ്രസിഡന്റായതിനുശേഷം എങ്ങനെയാണ് ഒരു ഭരണാധികാരി ജനതാത്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് മാതൃകാപരമായി പ്രവർത്തിക്കേണ്ടതെന്ന് ജനങ്ങൾക്ക് ബോദ്ധ്യപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. കണ്ണൂർ ജില്ലാ കൗൺസിലിന്റെ പ്രസിഡന്റായി ദീർഘകാലത്തെ സേവനം അദ്ദേഹം കാഴ്ച വച്ചു. അതിനുശേഷമാണ് അദ്ദേഹം ഈ സഭയിലെ അംഗമായി തെരഞ്ഞെടുക്കപ്പെട്ടത്. ഈ സഭയിലെ അംഗമായി

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം സഭയിൽ പൊതു രാഷ്ട്രീയ സ്ഥിതിഗതികളെ സംബന്ധിച്ച് എന്നതുപോലെതന്നെ താൻ ഉന്നയിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ചും ഗഹനമായി പഠിച്ച് കാര്യകാരണസഹിതം അവതരിപ്പിച്ച് സാധൂകരിക്കുന്നതിന് അദ്ദേഹം ഏറെ സാമർത്ഥ്യം പ്രകടിപ്പിച്ചിട്ടുണ്ട്. സ്വന്തം നിയോജകമണ്ഡലത്തിലെ ജനങ്ങളുടെ താത്പര്യങ്ങൾക്കുവേണ്ടി നിരന്തരവും അക്ഷീണവുമായി പ്രവർത്തിച്ചതിന്റെ ഫലമായി അദ്ദേഹത്തെ വളരെയേറെ സ്നേഹത്തോടും ബഹുമാനത്തോടും കൂടി "ബാലേട്ടൻ" എന്നാണ് ആ നാട്ടിലെ ജനങ്ങൾ അഭിസംബോധന ചെയ്യുന്നത്. ആ നിലയിൽ ജനങ്ങൾക്ക് പ്രിയങ്കരനായി, ആദർശത്തിൽ അചഞ്ചലനായി ഉറച്ചുനിന്നുകൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ ആ ആദർശത്തിന്റെ പൂർത്തീകരണത്തിനുവേണ്ടി അക്ഷീണമായി പ്രവർത്തിച്ച ഒരു കമ്മ്യൂണിസ്റ്റ് ഇടതുപക്ഷ പ്രവർത്തകനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ നിര്യാണം കമ്മ്യൂണിസ്റ്റ് ഇടതുപക്ഷ പ്രസ്ഥാനത്തിനുമാത്രമല്ല, ജനാധിപത്യ പ്രസ്ഥാനത്തിന് ആകെത്തന്നെ നഷ്ടമാണ് ഉണ്ടാക്കിയിട്ടുള്ളത്. അദ്ദേഹത്തിന്റെ വേർപാടിൽ ദുഃഖിക്കുകയും അദ്ദേഹത്തിന്റെ സ്മരണയുടെ മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ടി. കെ. ബാലന്റെ നിര്യാണത്തെക്കുറിച്ച് അങ്ങും ബഹുമാന്യനായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രകടിപ്പിച്ച വികാരത്തോട് ഞാനും എന്റെ പാർട്ടിയും പൂർണ്ണമായും യോജിക്കുകയാണ്. ഈ സഭയിൽ അംഗമായിരിക്കെ നമ്മളെല്ലാവരും വളരെ സജീവമായി സംസ്ഥാനത്തിന്റെ കാര്യങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കെ ഒരുസുഖമായിട്ടൊന്നുമല്ല, പെട്ടെന്ന് അദ്ദേഹം നമ്മെ വേർപെട്ടുപോവുകയുണ്ടായി. അതുകൊണ്ടുതന്നെ പ്രത്യേകിച്ചും അദ്ദേഹത്തിന്റെ വേർപാടിൽ അഗാധമായ ദുഃഖം ആത്മാർത്ഥമായിത്തന്നെ നമുക്കെല്ലാവർക്കും തോന്നുന്നുമുണ്ട്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അനുശോചനപ്രമേയത്തിൽ അങ്ങുപറഞ്ഞ ഒരു വാചകം അർത്ഥവത്തായി. രാഷ്ട്രീയ ബന്ധങ്ങൾക്കപ്പുറം വ്യക്തിബന്ധം കാത്തുസൂക്ഷിച്ചിരുന്ന സ്നേഹനിധിയായ ഒരാളായിരുന്നു ടി. കെ. ബാലൻ. പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ അദ്ദേഹത്തെ അതുകൊണ്ടുതന്നെ മറ്റു പാർട്ടിക്കാർപോലും അഭിസംബോധന ചെയ്യുന്നത് 'ബാലേട്ടൻ' എന്നായിരുന്നു. അങ്ങനെയുള്ള സ്നേഹനിധിയായ ഒരു സുഹൃത്തിനെയാണ് നമുക്കാകെ നഷ്ടപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ പ്രസംഗത്തെക്കുറിച്ച് മുഖ്യമന്ത്രി ഇവിടെ എടുത്തുപറഞ്ഞു. അദ്ദേഹത്തെക്കുറിച്ച് ഇവിടെ പറഞ്ഞത് വളരെ ശരിയാണെന്നുള്ളത് ആലോചിച്ച് നോക്കിയാൽ നമുക്ക് മനസ്സിലാകും. വളരെ ഗൗരവത്തോടുകൂടിയാണ് അദ്ദേഹം സഭയിൽ വിഷയങ്ങൾ അവതരിപ്പിക്കാറുള്ളത്. വ്യവസായ വകുപ്പുമന്ത്രി എന്നുള്ള നിലയിലുള്ള എന്റെ ചുരുങ്ങിയ പ്രവർത്തന സമയത്തിനുള്ളിൽ കണ്ണൂർ ജില്ലാ പ്രസിഡന്റായപ്പോഴും അതിനുശേഷവുമൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം അവിടെയുള്ള കൈത്തറി തൊഴിലാളികളുടേയും ആ വ്യവസായത്തിന്റെയും ഉന്നമനത്തിനുവേണ്ടി അവതരിപ്പിച്ച കാര്യങ്ങൾ ഇപ്പോൾ ഞാൻ ഓർക്കുകയാണ്. അതിനെക്കുറിച്ച് വലിയ ദീർഘവീക്ഷണവും അതുപോലെതന്നെയുള്ള ഒരു സമീപനവും ടി. കെ. ബാലനുണ്ടായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ പെട്ടെന്നുള്ള വേർപാട് നമുക്കൊക്കെ ദുഃഖം ഉണ്ടാക്കുന്നതാണ്. നല്ലൊരു നിയമസഭാസാമാജികൻ എന്നുള്ളതിനപ്പുറം മാഷ്ട്രീയ രംഗത്ത് ഇന്ന് ഏറ്റവും അനിവാര്യമായ സുഹൃത്ബന്ധം കാത്തുസൂക്ഷിക്കുന്ന ഒരു വ്യക്തിയെയാണ് നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നത്. രാഷ്ട്രീയ ബന്ധങ്ങൾ വന്നുംപോയും ഇരിക്കും, പല രൂപത്തിൽ രൂപപ്പെട്ടുകൊണ്ടിരിക്കും, നമ്മുടെ ഈ സഭയിൽ തന്നെ ഇപ്പോൾ പല ബന്ധങ്ങളും നമുക്കറിയാം, വന്നും പോയും മാറിയുമൊക്കെയിരിക്കുന്നതാണ്. അതിന് എത്രയോ ഉദാഹരണങ്ങളുണ്ട്. പക്ഷേ അതിനപ്പുറം പാർട്ടി നേതാക്കൾ തമ്മിൽ ഒരു വ്യക്തിബന്ധം കാത്തുസൂക്ഷിക്കാനുള്ള കഴിവ് പ്രത്യേകമാണ്. അത് ടി. കെ. ബാലനുണ്ടായിരുന്നു. ആ സുഹൃത്തിന്റെ വേർപാടിൽ ഞാനും എന്റെ പാർട്ടിയും അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: ബഹുമാനപ്പെട്ട സ്പീക്കർ സർ, നമുക്കെല്ലാം ഏറ്റവും പ്രിയങ്കരനായ ബാലേട്ടന്റെ നിര്യാണ വാർത്ത എല്ലാവർക്കും ഏറെ ദുഃഖവും വേദനയുമാണ് ഉണ്ടാക്കിയത്. ഇവിടെ പറഞ്ഞതുപോലെ അദ്ദേഹം രോഗബാധിതനായി കിടക്കുകയായിരുന്നില്ല. അദ്ദേഹം ട്രെയിനിൽ കുഴഞ്ഞുവീണു, ആശുപത്രിയിൽ എത്തിച്ചു, എന്നാൽ പെട്ടെന്നുതന്നെ അന്ത്യം സംഭവിച്ചു. ഒരിക്കലും പെട്ടെന്ന് വിശ്വസിക്കാൻ കഴിയാത്ത, എത്രയും വേദനയുണ്ടാക്കിയ ഒരു സംഭവമാണത്. ഇവിടെ അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമൊക്കെ പറഞ്ഞതുപോലെ വളരെ സജീവമായി ഈ സഭയിലുള്ള എല്ലാ അംഗങ്ങളോടും ഏറ്റവും അടുത്ത് ഇടപഴകി, എല്ലാ പ്രശ്നങ്ങളിലും സജീവമായി പങ്കെടുത്തുകൊണ്ട് അംഗങ്ങൾക്കൊക്കെ ഒരദ്ധ്യാപകനെപ്പോലെ കാര്യങ്ങൾ പറഞ്ഞുതരാനും, പഠിപ്പിച്ചുതരാനുമൊക്കെ താത്പര്യമെടുത്തിരുന്ന ഏറ്റവും നല്ല ഒരു സഹപ്രവർത്തകനെയാണ് നമുക്ക് നഷ്ടപ്പെട്ടത്. സർക്കാർ ജീവനക്കാരുടെ സർവ്വീസ് മേഖലയിൽ പ്രവർത്തിച്ചതിന്റെ അനുഭവം ഈ സഭയിൽ പ്രസംഗങ്ങൾ അവതരിപ്പിക്കുന്നതിലൊക്കെ അദ്ദേഹത്തെ ഏറെ സഹായിച്ചിട്ടുണ്ട്. ജീവനക്കാരുടെ പ്രശ്നങ്ങൾ, പെൻഷൻ പറ്റിയ ജീവനക്കാരുടെ പ്രശ്നങ്ങൾ, അവരുടെ ഏതു പ്രശ്നം വന്നാലും ഈ സഭയിൽ അത് അവതരിപ്പിക്കാൻ ഏറ്റവും മുൻപന്തിയിൽ നിന്നിരുന്നത് ബാലേട്ടൻ തന്നെയാണ്. ചെറു പ്രായത്തിൽ സർവ്വീസ് മേഖലയിൽ വന്നതോടൊപ്പം തന്നെ കണ്ണൂരിലേയും കേരളത്തിലേയുമൊക്കെ പൊതുജന പ്രശ്നങ്ങളിലും ബഹുജന പ്രസ്ഥാനത്തിലുമൊക്കെ ഉണ്ടായിരുന്ന ബന്ധം, അതിൽ നിന്നും അദ്ദേഹത്തിനുകിട്ടിയ ആർജ്ജവവും അനുഭവസമ്പത്തുമൊക്കെ പൊതുപ്രശ്നങ്ങൾ നല്ലവണ്ണം ഈ സഭയിൽ കൊണ്ടുവരാനും, വിഷയങ്ങൾ ഈ സഭയിൽ നല്ലവണ്ണം അവതരിപ്പിക്കാനുമൊക്കെ അദ്ദേഹത്തെ സഹായിച്ചിരുന്നു. ഇവിടെ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സൂചിപ്പിച്ചതുപോലെ കൈത്തറി തൊഴിലാളികളുടെ വിഷയമായാലും ബീഡിത്തൊഴിലാളികളുടെ പ്രശ്നങ്ങളായാലും ഓരോ കൊച്ചുകൊച്ചു വിഷയങ്ങൾപോലും എത്ര നന്നായിട്ടാണ് അദ്ദേഹം ഈ സഭയുടേയും ഗവൺമെന്റിന്റേയുമൊക്കെ ശ്രദ്ധയിൽ കൊണ്ടുവന്നത്. ഞാൻ ഒരു കാര്യം കൂടി ഓർത്തുപോവുകയാണ്. കഴിഞ്ഞ സഭാസമ്മേളനത്തിൽ അവസാനദിവസമോ അല്ലെങ്കിൽ അതിന്റെ തലേദിവസമോ കണ്ണൂർ എയർപോർട്ടുമായി ബന്ധപ്പെട്ട് ബാലേട്ടൻ ഇവിടെ ഒരു സബ്മിഷൻ അവതരിപ്പിച്ചു. അതിനുമുമ്പും അദ്ദേഹം എയർപോർട്ടിന്റെ വിഷയം പലപ്പോഴും ഈ സഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. അപ്പോൾ ആ വിഷയം പറയുമ്പോൾ, വടക്കേ മലബാറിന്റെ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കൊപ്പംതന്നെ അദ്ദേഹത്തിന്റെ മനസ്സിൽ ഒരു വലിയ പ്രതീക്ഷയായിട്ട് നിന്നിരുന്നത്, എനിക്ക് തോന്നുന്നത്, കൈത്തറിയുടെ കയറ്റുമതിയും അതിന്റെ വിപുലമായ സാധ്യതകളും അതിലൂടെ തൊഴിലാളികൾക്ക് കിട്ടാൻപോകുന്ന കുറച്ചുകൂടി മെച്ചപ്പെട്ട ജീവിതസൗകര്യങ്ങളെക്കുറിച്ചാണ്. അങ്ങനെ ബഹുമുഖമായ പ്രശ്നങ്ങളിൽ ഇടപെടാൻ കഴിഞ്ഞ അദ്ദേഹം കഴിഞ്ഞ നിയമസഭയുടെ കാലത്ത് സെൻകമ്മിറ്റിയുടെ മെമ്പറായും പ്രവർത്തിച്ചു. അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളിൽ വളരെവളരെ സജീവമായി ഏർപ്പെട്ട് വളരെ തിരക്കുള്ളതും ഒത്തിരി ജോലി ചെയ്തിരുന്നതുമായ ഒരു മെമ്പറായിരുന്നു അദ്ദേഹം. ബഹുമാനപ്പെട്ട സ്പീക്കർ സൂചിപ്പിച്ച ഒരു കാര്യം വളരെ ശ്രദ്ധേയമാണ്. വിവിധ നിയമസഭാകമ്മിറ്റികളിൽ മെമ്പറായിരുന്നുകൊണ്ട് എത്രയോ മണിക്കൂറുകളാണ് ആ കമ്മിറ്റികളിൽ ഹാജരായി ഓരോ പ്രശ്നങ്ങളും ചർച്ച ചെയ്യാനും തീരുമാനമെടുക്കാനുമൊക്കെ അദ്ദേഹം വിനിയോഗിച്ചത്. അദ്ദേഹത്തോടൊപ്പം ലോക്കൽ ഫണ്ട് ആഡിറ്റ് കമ്മിറ്റിയിൽ മെമ്പറായി പ്രവർത്തിച്ച ഒരനുഭവം എനിക്കുണ്ട്. ഒന്നര മണിയായാലും രണ്ടരയായാലും മൂന്നുമണിയായാലും അത്രയും സമയം ഇരിക്കാനും പ്രശ്നങ്ങളൊക്കെ ചർച്ച ചെയ്യാനും നല്ലവണ്ണം പഠിച്ച് മറ്റുള്ളവർക്ക് പറഞ്ഞുതരാനുമൊക്കെ അദ്ദേഹം താൽപര്യം കാണിച്ചിരുന്നു. അങ്ങനെ എല്ലാ നിലയിലും ഏറ്റവും നല്ലൊരു നിയമസഭാസാമാജികനും നല്ലൊരു പൊതുപ്രവർത്തകനും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഏറ്റവും നല്ല മുന്നണിപ്പോരാളിയായ ഒരു സഖാവും ആയ ഒരാളെയാണ് നമുക്ക് നഷ്ടപ്പെട്ടത്. അദ്ദേഹത്തിന്റെ വേർപാടിലുള്ള ദു:ഖവും അനുശോചനവും രേഖപ്പെടുത്തുന്നതോടൊപ്പം ബാലേട്ടന്റെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികളർപ്പിക്കുകയും ചെയ്യുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ.എം. മാണി)*: സർ, അന്തരിച്ച ടി. കെ. ബാലനെക്കുറിച്ച് അങ്ങും മറ്റു നേതാക്കളും ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും പൂർണ്ണമായി യോജിക്കുന്നു. അജാതശത്രുവാണ് ബാലേട്ടൻ. ശത്രുക്കൾ ജനിക്കാത്ത വ്യക്തിയാണ് അദ്ദേഹം. എല്ലാവരുടെയും മിത്രമായിരുന്നു അദ്ദേഹം. അതുപോലെ എല്ലാവരോടും സ്നേഹപൂർവ്വം, ആദരപൂർവ്വം, സൗമ്യമായി പെരുമാറുന്ന വ്യക്തികൾ വളരെ വിരളമാണ്. അതാണ് ബാലേട്ടനെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എല്ലാവരുടെയും മിത്രമാക്കിത്തീർത്തത്. അദ്ദേഹത്തിൽ വിളങ്ങിയിരുന്ന ഏറ്റവും വലിയ സവിശേഷത പ്രതിപക്ഷ ബഹുമാനമായിരുന്നു. പ്രതിപക്ഷത്തിരുന്നുകൊണ്ട്, പ്രതിപക്ഷ ബഹുമാനത്തോടുകൂടി, പ്രതിപക്ഷ പ്രവർത്തനം എങ്ങനെ നടത്താമെന്നുള്ളതിന്റെ ഏറ്റവും ഉദാത്തമായ മാതൃകയായിരുന്നു അദ്ദേഹം. എതിരാളികളുടെ വാദമുഖങ്ങളെ ഖണ്ഡിച്ചുകൊണ്ട്, പ്രത്യയശാസ്ത്രപരമായ വ്യാഖ്യാനങ്ങൾ പലതിനും നൽകിക്കൊണ്ട്, തന്റെ സ്വന്തം നിലപാടുകളേയും നയങ്ങളേയും സ്ഥാപിച്ചെടുക്കുവാൻ അദ്ദേഹത്തിനുണ്ടായിരുന്ന കഴിവ് വളരെയേറെ പ്രശംസനീയമായിരുന്നു. അതുപോലെ അദ്ദേഹം ഒരു ത്യാഗിയായിരുന്നു. എൻ. ജി. ഒ. യൂണിയന്റെ സംസ്ഥാന പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട സന്ദർഭത്തിൽ അദ്ദേഹം ഒരു സർക്കാർ ഉദ്യോഗസ്ഥനായിരുന്നു. ഗസറ്റഡ് ഓഫീസറായി പ്രമോഷൻ കിട്ടുന്ന അവസരത്തിലാണ് അദ്ദേഹം എൻ.ജി.ഒ. യൂണിയന്റെ സംസ്ഥാന പ്രസിഡന്റായത്. ആ ഗസറ്റഡ് തസ്തിക വേണ്ടെന്നു വച്ചുകൊണ്ട്, പാർട്ടിയുടെ നിർദ്ദേശാനുസരണം ട്രേഡ് യൂണിയൻ രംഗത്ത് ഉറച്ചു നിന്ന് പ്രവർത്തിച്ച്, ട്രേഡ് യൂണിയൻ സർവ്വീസ് സംഘടനയുടെ പ്രസിഡന്റ് സ്ഥാനം ഏറ്റെടുത്ത്, ആ സർവ്വീസ് സംഘടനയെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി അദ്ദേഹം നിർവ്വഹിച്ച പങ്കും അദ്ദേഹത്തിന്റെ ത്യാഗവും വളരെയേറെ പ്രശംസനീയമായിട്ടുള്ള കാര്യമാണ്. അദ്ദേഹം എല്ലാവരുടെയും മിത്രമായിരുന്നു. അദ്ദേഹത്തിന്റെ പ്രതിബദ്ധത, ലക്ഷ്യബോധം, ആത്മാർത്ഥത ഇതെല്ലാം എടുത്തു പറയത്തക്കതാണ്. അദ്ദേഹം നല്ലൊരു പാർലമെന്റേറിയനായിരുന്നു. ഇവിടെ എല്ലാവരും അദ്ദേഹത്തെക്കുറിച്ചു പറഞ്ഞ ഒരു കാര്യത്തോടു ഞാനും യോജിക്കുന്നു. ഏതു വിഷയം അവതരിപ്പിക്കുമ്പോഴും, നല്ലതുപോലെ പഠിച്ച് അത് സഭയിൽ അവതരിപ്പിക്കുന്നതിന് അദ്ദേഹം കാണിച്ച വ്യഗ്രതയും താല്പര്യവും വളരെയേറെ അഭിനന്ദനാർഹമാണ്. നല്ലൊരു പാർലമെന്റേറിയൻ എന്നുള്ള പേര് സ്ഥാപിച്ചെടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു എന്നുള്ളത് വലിയൊരു നേട്ടമായിരുന്നു. ആ സഹപ്രവർത്തകന്റെ നിര്യാണത്തിൽ എന്റേയും എന്റെ പാർട്ടിയുടെയും ദുഃഖം രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. സി. കെ. നാണു: സർ, ടി. കെ. ബാലന്റെ നിര്യാണത്തിൽ അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാക്കളും മറ്റു കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും യോജിക്കുന്നു. കഴിഞ്ഞ നിയമസഭയിൽ ബാലേട്ടൻ ചെയ്ത പ്രസംഗം ഈയവസരത്തിൽ എല്ലാവരുടെയും മനസ്സിലുണ്ടാകും. ഒരു വിഷയം അവതരിപ്പിക്കുന്ന അവസരത്തിൽ, തന്നെക്കൊണ്ട് മനസ്സിലാക്കാൻ സാധിക്കുന്നതിന്റെ പരമാവധി മനസ്സിലാക്കി, ഏറ്റവും നല്ല രൂപത്തിൽ സഭയിൽ അവതരിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. ഭരണപക്ഷത്തും പ്രതിപക്ഷത്തുമിരുന്ന അവസരങ്ങളിൽ അദ്ദേഹം ചെയ്ത പ്രസംഗങ്ങളിൽ വച്ച് ഏറ്റവും നല്ല പ്രസംഗമായിരുന്നു കഴിഞ്ഞ നിയമസഭയിൽ അദ്ദേഹം ചെയ്തത്. മലബാറിൽ നിന്നും വരുന്ന എം.എൽ.എ.മാരെ സംബന്ധിച്ചിടത്തോളം,

ഞായറാഴ്ച തീവണ്ടിയിൽ മലബാറിൽ നിന്ന് തിരുവനന്തപുരത്തെയ്ക്കുള്ള യാത്രക്കിടയിൽ കക്ഷി വ്യത്യാസമില്ലാതെ ഞങ്ങളെല്ലാം ടി. കെ. ബാലനു ചുറ്റും കൂടുക പതിവായിരുന്നു. അത്രമാത്രം എല്ലാവരേയും സ്നേഹിച്ച ഒരാളായിരുന്നു ടി. കെ.ബാലൻ. തന്റെ ശരീരത്തിനു താങ്ങാൻ കഴിയുന്നതിൽ കൂടുതൽ, മാപ്പുകലില്ലാതെ അദ്ധ്വാനിക്കുകയും തന്റെ മണ്ഡലത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി, പ്രവർത്തിക്കുകയും ചെയ്തു. ഒരു നിയമസഭാസാമാജികൻ എന്ന നിലയ്ക്ക്, ജനങ്ങൾ അദ്ദേഹത്തിൽ അർപ്പിച്ച ചുമതലകളെല്ലാം നല്ല നിലയിൽ അദ്ദേഹത്തിന് കൈകാര്യം ചെയ്യാൻ സാധിച്ചു. ബഹുമാന്യരായ പല അംഗങ്ങളും പറഞ്ഞതുപോലെ, ഒരു നിയമസഭാംഗമെന്നുള്ള നിലയ്ക്ക്, മാതൃകയായി നമുക്ക് ചൂണ്ടിക്കാണിക്കാൻ സാധിക്കുന്ന ബഹുമാന്യനായ ആ സഹപ്രവർത്തകന്റെ അകാല നിര്യാണത്തിൽ എന്റെ പാർട്ടിയും ഞാനും അനുശോചനം രേഖപ്പെടുത്തുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ)*: സർ, ഭരണപക്ഷത്തു നിന്നും പ്രതിപക്ഷത്തു നിന്നും ഇവിടെ പറഞ്ഞ അഭിപ്രായങ്ങളോട് യോജിച്ചുകൊണ്ട് ടി. കെ. ബാലന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തോടുള്ള എന്റേയും എന്റെ പാർട്ടിയുടേയും അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. എ. എ. അസീസ്: സർ, ടി. കെ. ബാലന്റെ അകാല നിര്യാണത്തിൽ ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാക്കളും മറ്റു കക്ഷി നേതാക്കളും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാനും യോജിക്കുന്നു. ടി. കെ. ബാലൻ കേരളത്തിലെ പ്രഗത്ഭനായ ഒരു ട്രേഡ് യൂണിയൻ നേതാവായിരുന്നു. ടി. കെ. ബാലന്റെ ട്രേഡ് യൂണിയൻ രംഗം സർവ്വീസ് ജീവനക്കാരിലും അദ്ധ്യാപകരിലുമാണ് പ്രധാനമായും കേന്ദ്രീകരിച്ചിരുന്നത്. അതുകൊണ്ടുതന്നെ സർവ്വീസ് രംഗത്തെ ജീവനക്കാർക്കെല്ലാവർക്കും ടി. കെ. ബാലൻ ബാലേട്ടനായിരുന്നു. സർവ്വീസ് മാറ്ററിനെ സംബന്ധിച്ച് ഇത്രയേറെ അഗാധമായ പഠനം നടത്തിയിട്ടുള്ള ആളുകൾ വളരെ അപൂർവ്വമാണ്. ട്രേഡ് യൂണിയൻ നേതാവെന്നുള്ള നിലയിൽ കാര്യങ്ങൾ ഏറ്റെടുത്ത് കൈകാര്യം ചെയ്യാനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കാനും ടി. കെ. ബാലനു കഴിഞ്ഞു എന്നുള്ളത് അദ്ദേഹത്തിന്റെ പ്രവർത്തനം വഴി തെളിയിക്കപ്പെട്ട ഒരു കാര്യമാണ്. ടി. കെ. ബാലന്റെ പെട്ടെന്നുണ്ടായ നിര്യാണം എന്നെ വളരെയധികം വേദനിപ്പിച്ചു. അദ്ദേഹം മരിക്കുന്നതിനു ഒരു മാസം മുമ്പ് പ്രിവിലേജ് ആന്റ് എത്തിക്സ് കമ്മിറ്റി ഒരു പഠനപര്യടനം നടത്തിയിരുന്നു. ആ കമ്മിറ്റിയിൽ അദ്ദേഹത്തോടൊപ്പം ശ്രീ. കെ. നാരായണക്കുറുപ്പും, ശ്രീ. എ. കെ. ബാലനും ശ്രീ. കെ. സി. ജോസഫും, ഞാനുമുണ്ടായിരുന്നു. ടി. കെ. ബാലൻ അസുഖക്കാരനായതുകൊണ്ട് കൃത്യ സമയത്ത് അദ്ദേഹത്തിനു മരുന്നുകൾ കഴിക്കണമായിരുന്നു. യഥാർത്ഥത്തിൽ ബാലേട്ടന്റെ ഒരു സഹായിയായിട്ടാണ് ആ യാത്രയിൽ ഞാൻ പ്രവർത്തിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

അത്രയേറെ അദ്ദേഹവുമായി അടുത്ത സ്നേഹബന്ധം സ്ഥാപിക്കാൻ എനിക്ക് കഴിഞ്ഞു. പഴയ എൻ. ജി. ഒ. യൂണിയന്റെ പ്രസിഡന്റായിരുന്ന ശ്രീ. കെ. വി. രാജേന്ദ്രന്റെ മകന്റെ വിവാഹത്തിൽ പങ്കെടുക്കുന്നതിനുവേണ്ടിയായിരുന്നു കണ്ണൂരിൽ നിന്നു കൊല്ലത്തേക്ക് അദ്ദേഹം യാത്ര പുറപ്പെട്ടത്. അതിനു രണ്ടു ദിവസം മുമ്പ്തന്നെ അദ്ദേഹം കൊല്ലത്തു വരുന്ന വിവരം ഞങ്ങളെ വിളിച്ച് അറിയിച്ചിരുന്നു. ശ്രീ. വരദരാജനും ഞാനും കല്യാണവേദിയായ ടൗൺ ഹാളിൽ അദ്ദേഹത്തെ പ്രതീക്ഷിച്ചു നിൽക്കുകയായിരുന്നു. അദ്ദേഹത്തെ കാണാതിരുന്നപ്പോൾ ഒരുപക്ഷേ വല്ല അസുഖവും പിടിപെട്ടു കാണുമോയെന്നൊക്കെ ഞങ്ങൾ സംശയിച്ചു. മൂന്നു മണിയായപ്പോഴാണ് യാത്രാമദ്ധ്യേ ബാലേട്ടനു അസുഖമുണ്ടായി എന്നും തിരുവനന്തപുരം മെഡിക്കൽ കോളേജിൽവച്ചു മരണമടഞ്ഞു എന്നും വാർത്ത കേട്ടത്. ആ വാർത്ത യഥാർത്ഥത്തിൽ ഞങ്ങളെ ഞെട്ടിപ്പിക്കുകയും വേദനിപ്പിക്കുകയും ചെയ്തു. ബാലേട്ടനെപ്പോലെ, സർവ്വീസ് മാറ്റർ കൈകാര്യം ചെയ്യാൻ കഴിയുന്ന, ഒരു നേതാവിന്റെ നിര്യാണം നികത്താൻ കഴിയാത്തതാണ്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അഗാധമായ ദു:ഖം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ)*: സർ, നമുക്ക് എവർക്കും പ്രിയങ്കരനായിരുന്ന ബാലേട്ടന്റെ അകാലത്തിലുള്ള, അപ്രതീക്ഷിതമായ നിര്യാണം നമ്മെയാകെ ദു:ഖിപ്പിക്കുന്നു. ഇവിടെ അങ്ങും മറ്റു കക്ഷി നേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായും യോജിച്ചുകൊണ്ടു തന്നെ പറയട്ടെ, നിയമസഭാസമ്മേളനം നടക്കുന്ന വേളയിൽ കണ്ണൂരിലെ പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ, ഗവൺമെന്റിന്റേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽക്കൊണ്ടുവന്ന്, അതിനു പരിഹാരം കാണുന്നതിനുവേണ്ടി അദ്ദേഹം നടത്തിയിട്ടുള്ള സജീവ ശ്രമങ്ങൾ ഈ അവസരത്തിൽ ഞാൻ പ്രത്യേകം ഓർക്കുന്നു. കൈത്തറി തൊഴിലാളികളുടേയും ബീഡിത്തൊഴിലാളികളുടേയും പൂട്ടിക്കിടക്കുന്ന കോട്ടൺ മില്ലിലെ തൊഴിലാളികളുടേയും പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള അദ്ദേഹത്തിന്റെ ആത്മാർത്ഥമായ ശ്രമങ്ങൾ എടുത്തു പറയേണ്ടതാണ്. കണ്ടുമുട്ടുന്ന എല്ലാവരിലും ബഹുമാനം മാത്രം ഉളവാക്കിയിട്ടുള്ള, എല്ലാവരുടെയും ബഹുമാനമാർജ്ജിക്കാൻ കഴിഞ്ഞിട്ടുള്ള അപൂർവ്വം നേതാക്കളിൽ ഒരാളായിട്ടാണ് ബാലേട്ടനെ ഞാൻ കാണുന്നത്. താൻ ഏർപ്പെട്ടിരുന്ന ഏതു പ്രവൃത്തിയിലും, ആത്മാർത്ഥതയോടെ, രാഷ്ട്രീയമായ വിലയിരുത്തലിനുമപ്പുറത്തേക്ക്, യാഥാർത്ഥ്യബോധം ഉൾക്കൊണ്ടുകൊണ്ടുള്ള സമീപനങ്ങൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുള്ള അപൂർവ്വം നേതാക്കളിൽ ഒരാളായിട്ടാണ് അദ്ദേഹത്തെ ഞാൻ കാണുന്നത്. തീർച്ചയായും പൊതുരംഗത്തും രാഷ്ട്രീയരംഗത്തും ട്രേഡ് യൂണിയൻ രംഗത്തും സർവ്വീസ് സംഘടനാ രംഗത്തും വലിയ നഷ്ടമാണ് അദ്ദേഹത്തിന്റെ അകാല നിര്യാണത്തിലൂടെ ഉണ്ടായിട്ടുള്ളത്. അദ്ദേഹത്തിന്റെ അകാലത്തിലുള്ള നിര്യാണത്തിൽ ഞാനും അനുശോചനം രേഖപ്പെടുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മറ്റ് കക്ഷി നേതാക്കളും ഈ സഭയിൽ പ്രകടിപ്പിച്ച വികാരങ്ങളോട് ഞങ്ങളും യോജിക്കുന്നു. ടി. കെ. ബാലന്റെ ദേഹവിയോഗം വളരെ ആകസ്മികമായിരുന്നു. കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ സജീവമായ സാന്നിദ്ധ്യം കൊണ്ടും ആത്മാർത്ഥമായ പ്രവർത്തനങ്ങൾ കൊണ്ടും പ്രസംഗങ്ങൾ കൊണ്ടും നമ്മെ സഹായിക്കുകയും അനുഗ്രഹിക്കുകയും ചെയ്ത അദ്ദേഹത്തിന്റെ നിര്യാണത്തിൽ നമ്മൾ രണ്ടുകൂട്ടരും അനുശോചനം രേഖപ്പെടുത്തുമ്പോൾ നമുക്ക് നഷ്ടപ്പെട്ടത് പ്രഗൽഭനായ ഒരു പൊതുപ്രവർത്തകനേയും നിയമസഭാ സാമാജികനേയുമാണെന്നുള്ള വസ്തുത ഓർക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളത്. ചിരിച്ചുകൊണ്ടല്ലാതെ അദ്ദേഹം എപ്പോഴെങ്കിലും സംസാരിച്ചിട്ടുണ്ടോയെന്നുള്ള കാര്യത്തിൽ എനിക്ക് സംശയമുണ്ട്. വളരെ പരിണതപ്രജ്ഞനായ അദ്ദേഹവുമായി പലപ്പോഴും പല കാര്യങ്ങളും ചർച്ചചെയ്യാൻ എനിക്ക് അവസരമുണ്ടായിട്ടുണ്ട്. കോൺഫറൻസിലായാലും മറ്റ് കാര്യങ്ങളിലായാലും വിവാദങ്ങളിലേക്ക് കടക്കുവാനോ ആർക്കെങ്കിലുമെതിരെ വിദ്വേഷം പ്രകടിപ്പിക്കുവാനോ കഴിയാത്ത ഒരു വലിയ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. നിയമസഭയിൽ അദ്ദേഹം പറയുന്ന കാര്യങ്ങളിൽ തെറ്റുണ്ടെന്ന് പറയാൻ കഴിയാത്തവണ്ണം ശരികൾ മാത്രം പറയാൻ ശ്രദ്ധിക്കുകയും ആവേശത്തിനുവേണ്ടി ആക്രമണം നടത്താൻ തയ്യാറാകുകയും ചെയ്യാത്ത ഒരു സാമാജികനായിരുന്നു അദ്ദേഹം. തന്റെ മനസ്സിൽ കടന്ന കാര്യങ്ങളും തന്റെ പ്രസ്ഥാനം വിശ്വസിക്കുന്ന കാര്യങ്ങളും വളരെ ഭംഗിയായി ഈ സഭയിൽ അവതരിപ്പിക്കുവാനും, ഈ രാജ്യത്തെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ താൽപര്യം സംരക്ഷിച്ചുകൊണ്ട് മുന്നോട്ടു പോകാനും എത്രയോ വർഷക്കാലം പരിശ്രമിച്ചിരുന്ന ഒരു വലിയ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. നമ്മുടെ സംസ്ഥാനത്ത് എൻ. ജി. ഒ. യൂണിയൻ എന്നു പറയുന്ന ആ ബൃഹത്തായ സംഘടന കെട്ടിപ്പടുക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് വളരെ വലുതാണ്. കേരളത്തിലെ ഏറ്റവും വലിയ സംഘടനയായ എൻ.ജി.ഒ യൂണിയൻകാരെ സംബന്ധിച്ചിടത്തോളം അവർ നേടിയ നേട്ടങ്ങളുടെയെല്ലാം തിരശ്ശീലയ്ക്ക് പുറകിലും മുൻപിലും നിന്ന് പ്രവർത്തിച്ചവരിൽ പ്രമുഖനായിരുന്നു നമുക്ക് നഷ്ടപ്പെട്ട ടി. കെ. ബാലൻ . സർവ്വീസ് നിയമങ്ങളിൽ അദ്ദേഹത്തെപ്പോലെ ഇത്രയും പാണ്ഡിത്യമുള്ള മറ്റാരെങ്കിലും ഈ സഭയിൽ ഉണ്ടായിരുന്നോയെന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. ഇത്രയും പ്രഗൽഭമായ രീതിയിൽ പ്രശ്നങ്ങൾ ഉന്നയിക്കാൻ കഴിവുള്ള അദ്ദേഹം, കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ നമ്മോടൊപ്പമുണ്ടായിരുന്നു, ഇന്ന് അദ്ദേഹം നമ്മോടൊപ്പമില്ലെന്നുള്ളതിൽ നമ്മളെല്ലാവരും വേദനിക്കുന്നവരാണ്. മരണം കള്ളനെപ്പോലെ കടന്നുവരുന്നുയെന്ന് പറയുന്നത് വളരെ ശരിയാണ്. കൊല്ലത്ത് ഇറങ്ങേണ്ട അദ്ദേഹം ബോധമില്ലാതെ അന്ത്യ നിമിഷങ്ങളിലേക്ക് നീങ്ങുമ്പോൾ അദ്ദേഹത്തിനെ പരിചരിക്കാനോ അദ്ദേഹം ആരാണെന്നുള്ളതുപോലും മനസ്സിലാക്കാനോ കഴിയാത്ത ഒരു ദുരൂഹ സാഹചര്യമാണുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ നാം ദു:ഖിക്കുമ്പോൾ, അദ്ദേഹത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ആത്മാവിന് നിത്യശാന്തി നേരുമ്പോൾ, അദ്ദേഹം പ്രതിനിധീകരിച്ച രാഷ്ട്രീയ പ്രസ്ഥാനത്തോടൊപ്പം ദു:ഖത്തിൽ പങ്ക് ചേരുമ്പോൾ നമ്മുടെ സംസ്ഥാനത്തിന് പൊലിമയുള്ള ഈ ജീവന്റെ നഷ്ടം പരിഹരിക്കാൻ കഴിയാത്തതാണെന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ടി. കെ. ബാലന്റെ സ്മരണയ്ക്കു മുമ്പിൽ ആത്മാവിന് ആദരാഞ്ജലികൾ അർപ്പിക്കുകയും അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി കൊടുക്കാൻ പ്രാർത്ഥിക്കുകയും, അദ്ദേഹം പ്രതിനിധീകരിച്ച രാഷ്ട്രീയ പ്രസ്ഥാനത്തിന്റേയും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെയും ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി *(ശ്രീ. എം. വി. രാഘവൻ)* : സർ, സഖാവ് ടി. കെ. ബാലന്റെ അകാല നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് അങ്ങും സഭാനേതാവും പ്രതിപക്ഷ നേതാവും, കക്ഷിനേതാക്കളും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാനും യോജിക്കുകയാണ്. രാഷ്ട്രീയമായി എന്ത് തർക്കങ്ങളുണ്ടായാലും വ്യക്തിബന്ധങ്ങൾക്ക് പോറൽ ഏൽപ്പിക്കാത്ത ബഹുമാന്യനായ ഒരംഗമായിരുന്നു സഖാവ് ടി. കെ. ബാലൻ. ഇവിടെ എല്ലാപേരും പറഞ്ഞതുപോലെ ഏത് പ്രശ്നത്തെപ്പറ്റി ചർച്ചചെയ്യുമ്പോഴും അദ്ദേഹത്തിന്റെ കഴിവിനനുസരിച്ച് ആ സബ്ജക്ടിനെക്കുറിച്ച് പഠിക്കാനും അതിന്റെയടിസ്ഥാനത്തിൽ അതിനെ വിലയിരുത്താനും ശ്രമിച്ചിട്ടുണ്ട്. ഇനിയും ഏറെക്കാലം രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ കഴിയുമായിരുന്ന, അല്ലെങ്കിൽ വലിയ വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയുമായിരുന്ന ടി.കെ. ബാലനെപ്പോലുള്ള ഒരു സഖാവിന്റെ അകാല നിര്യാണത്തിൽ ഞാൻ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ നമ്മോടൊപ്പമുണ്ടായിരുന്ന ബഹുമാന്യനായ ടി. കെ. ബാലൻ ഇന്ന് നമ്മോടൊപ്പമില്ല. വളരെ പ്രകടമായ മാറ്റങ്ങളോടുകൂടി ആരംഭിച്ച ഈ സമ്മേളനത്തിൽ അദ്ദേഹത്തിന്റെ സജീവ സാന്നിദ്ധ്യം നമ്മളെല്ലാപേരും പ്രതീക്ഷിച്ചിരുന്നതാണ്. മനുഷ്യ ജീവിതത്തിലെ ഒരു സത്യമാണ് മരണം. അത് എപ്പോൾ ഏത് സമയത്ത് എവിടെവച്ചും സംഭവിക്കാം. നമുക്കാർക്കും നിശ്ചയിക്കാൻ കഴിയുന്ന ഒന്നല്ല. ഇവിടെ അദ്ദേഹത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറും മറ്റ് നേതാക്കളും സൂചിപ്പിച്ച കാര്യങ്ങളോട് ഞാനും പൂർണ്ണമായി യോജിക്കുകയാണ്. ഒരു പൊതുപ്രവർത്തകന്റെ മാതൃക എന്താകണമെന്നതിനെ സംബന്ധിച്ച ഉദാത്തമായ ഒരു ഉദാഹരണമാണ് ടി. കെ. ബാലൻ. അദ്ദേഹം സർവ്വീസ് സംഘടനാ രംഗത്ത് അനുഷ്ഠിച്ച സേവനങ്ങളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലെ ലക്ഷക്കണക്കിന് സർക്കാർ ജീവനക്കാർ വളരെ അഭിമാനത്തോടേയും സ്നേഹത്തോടേയും ഓർക്കുന്ന പേരാണ് അദ്ദേഹത്തിന്റേത്. അദ്ദേഹം നടത്തിയ സേവനങ്ങളെക്കുറിച്ച് ദീർഘമായി പ്രതിപാദിക്കേണ്ട ആവശ്യമില്ല. അതെല്ലാം ജീവിതത്തിന്റെ ഒരു ഭാഗമായി അല്ലെങ്കിൽ സമൂഹത്തിന്റെ ഒരു ഭാഗമായി മാറിക്കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം ജില്ലാ കൗൺസിൽ പ്രസിഡന്റ് എന്ന നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

സേവനമനുഷ്ഠിച്ചപ്പോൾ അധികാര വികേന്ദ്രീകരണത്തിന്റെ രൂപം എന്തായിരിക്കണം എന്നതിനെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞു. അതേക്കുറിച്ച് അദ്ദേഹവുമായിട്ടുള്ള പല സംഭാഷണങ്ങളിലും എനിക്ക് മനസ്സിലാക്കാനും കഴിഞ്ഞിട്ടുണ്ട്. സെൻ കമ്മിറ്റിയിൽ അംഗമായിരുന്ന ത്രിതല പഞ്ചായത്ത് സംവിധാനത്തെക്കുറിച്ച് വസ്തുനിഷ്ഠമായി കാര്യങ്ങൾ പറയാനും അതിന്റെ മറ്റാവശ്യങ്ങൾ എന്താണെന്നും അതിനുവേണ്ടി എന്തെല്ലാം ചെയ്യണമെന്ന് ഈ സഭയെ അറിയിക്കാനും കഴിഞ്ഞ ഒരു വ്യക്തിയാണ് അദ്ദേഹം. അദ്ദേഹം തന്റെ നിയോജകമണ്ഡലത്തിനുവേണ്ടി, ആ പ്രദേശത്തെ ജനങ്ങൾക്കുവേണ്ടി എത്രമാത്രം ആത്മാർത്ഥമായി പ്രവർത്തിച്ചിരുന്നുവെന്ന് പല അനുഭവങ്ങളിലൂടെയും എനിക്ക് ബോദ്ധ്യമായിട്ടുണ്ട്. അദ്ദേഹത്തിന്റെ മരണത്തിനുശേഷം ഞാൻ അദ്ദേഹത്തിന്റെ വീട്ടിൽച്ചെന്നയവസരത്തിൽ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ ഭാര്യയും, മക്കളും, മരുമക്കളും, കൊച്ചുമക്കളും എല്ലാം വളരെ ദു:ഖിതരായി കാണപ്പെട്ടു. അവരോടൊപ്പം കുറെ സമയം ചെലവഴിച്ചപ്പോൾ ഒരു നല്ല ഭർത്താവിന്റെ, ഒരു നല്ല പിതാവിന്റെ സ്നേഹം അവർക്ക് കിട്ടിയെന്നുള്ളത് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ജനങ്ങളെ അദ്ദേഹം സ്നേഹിച്ചിരുന്നു. ജനങ്ങളും അദ്ദേഹത്തെ സ്നേഹിച്ചിരുന്നു. ജനങ്ങളെയും അതോടൊപ്പം കുടുംബാംഗങ്ങളേയും വളരെ സ്നേഹത്തോടെ കണ്ട ഒരാളായിരുന്നു അദ്ദേഹം. ഒരു ചെറിയ വീട്. ആ വീടിന്റെ സ്വീകരണ മുറിയിൽ അദ്ദേഹം കൊണ്ടുവച്ച ഒരു ചിത്രം അദ്ദേഹത്തിന്റെ ഭാര്യ എന്നെ കാണിച്ചുതന്നു. ആ ചുവരിൽ തൂക്കിയിരിക്കുന്ന ഒരേ ഒരു ചിത്രം ഇ. എം. എസ്.-ന്റേതാണ്. വർഷങ്ങൾക്ക് മുൻപ് അദ്ദേഹം എവിടെനിന്നോ കൊണ്ടുവന്ന ഒരു ചെറിയ പടം അദ്ദേഹം തന്നെ ഫ്രെയിം ചെയ്യിച്ച് തൂക്കിയിരിക്കുന്നു. അതുമാത്രമാണ് ആ വീട്ടിൽ ചുവരിൽ തൂക്കിയിരുന്ന ഏക ചിത്രം. തന്റെ പാർട്ടിയോടും തന്റെ നേതാക്കളോടുമുള്ള അദ്ദേഹത്തിന്റെ കമ്മിറ്റുമെന്റ് എന്തായിരുന്നുവെന്ന് അവിടെവച്ച് എനിക്ക് മനസ്സിലാക്കാൻ സാധിച്ചു. അതുപോലെതന്നെ സഭയിൽ സാധാരണഗതിയിൽ പ്രസംഗം കഴിഞ്ഞാൽ മിക്കവാറും അംഗങ്ങൾ അങ്ങോട്ടും ഇങ്ങോട്ടുമൊക്കെ പോകും. പക്ഷെ സഭയിൽ കൂടുതൽ സമയമിരിക്കുന്ന ചുരുക്കം അംഗങ്ങളിൽ ഒരാളായിരുന്നു അദ്ദേഹം നിയമസഭാ കമ്മിറ്റിയിലാണെങ്കിലും നിയമസഭയിലാണെങ്കിലും തനിക്ക് അഭിപ്രായം പറയാനുണ്ടെങ്കിലും ഇല്ലെങ്കിലും മറ്റുള്ളവരുടെ അഭിപ്രായങ്ങൾ കേൾക്കാനും അത് ഉൾക്കൊള്ളാനും മാതൃക കാണിച്ച ഒരു നല്ല പാർലമെന്റേറിയനായിക്കൂടി അദ്ദേഹത്തെ കാണാൻ സാധിക്കും. അങ്ങനെ ജീവിതത്തിന്റെ വിവിധ തുറകളിൽ നിറഞ്ഞുനിന്ന ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹത്തിന്റെ ദേഹവിയോഗം നമ്മുടെ നാടിനും മാർക്സിസ്റ്റ് പാർട്ടിക്കും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കും തീരാത്ത നഷ്ടമാണ്. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ ദുഃഖം രേഖപ്പെടുത്തുന്നു; അദ്ദേഹത്തിന്റെ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു, അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് : സർ, ടി. കെ. ബാലന്റെ നിര്യാണം സംബന്ധിച്ച് സഭാനേതാവും പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഉത്തമനായ ഒരു പൊതു പ്രവർത്തകനെയാണ് ടി. കെ. ബാലന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്. വ്യത്യസ്ഥങ്ങളായ തലങ്ങളിൽ, സർവ്വീസ് സംഘടനാ രംഗത്തും ജില്ലാ കൗൺസിൽ പ്രസിഡന്റ് എന്ന നിലയിലും നിയമസഭാ സാമാജികൻ എന്നുള്ള നിലയിലും ഏറ്റെടുക്കുന്ന ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും അവയെക്കുറിച്ച് പഠിക്കുന്നതിനും നിതാന്തമായ ജാഗ്രത അദ്ദേഹം പുലർത്തിയിരുന്നു. അതുപോലെ പ്രസ്ഥാനം ഏൽപ്പിച്ചിരുന്ന ഉത്തരവാദിത്വങ്ങൾ ചെയ്തു തീർക്കുന്നതിനും അദ്ദേഹം ശ്രദ്ധ പതിപ്പിച്ചിരുന്നു. നിയമസഭാ സാമാജികൻ എന്നുള്ള നിലയിൽ നിയമനിർമ്മാണത്തിലെ പ്രശ്നങ്ങൾ, ജനങ്ങളുടെ പ്രശ്നങ്ങൾ അത് പരിഹരിക്കുന്നതിനും അതോടൊപ്പം സർവ്വീസ് സംഘടനകളുടെ ഭാരവാഹിത്വത്തിൽനിന്നും മാറിയശേഷവും താൻ പ്രതിനിധാനം ചെയ്തിരുന്ന ആ വലിയ മേഖലയിലുള്ളവരുടെ പ്രശ്നങ്ങൾ നിയമസഭയിൽ ഉയർത്തിക്കൊണ്ടു വരുന്നതിനും അതിനുവേണ്ടി ശക്തമായി പോരാടുന്നതിനും ഒക്കെ അദ്ദേഹം നിതാന്തമായി പ്രവർത്തിച്ചിരുന്നു എന്നുള്ളത് ഞാൻ ഓർക്കുന്നു. ഏറ്റെടുക്കുന്ന വിഷയങ്ങളെക്കുറിച്ച് പഠിക്കുവാൻ, പ്രത്യേകിച്ച് സർവ്വീസ് രംഗത്തെ പ്രശ്നങ്ങൾ, സർവ്വീസ് ചട്ടങ്ങൾ ഇവയെക്കുറിച്ചൊക്കെ ഇവിടെ പ്രസംഗിക്കുമ്പോൾ പോലും ഒരു അദ്ധ്യാപകനെപ്പോലെ ആ സർവ്വീസ് സംഘടനാ നിയമങ്ങളെ സംബന്ധിച്ച് വിശദീകരിക്കുന്നത് ഏറ്റവും ശ്രദ്ധാപൂർവ്വമായി മാത്രമേ നമുക്ക് എല്ലാവർക്കും കേട്ടിരിക്കാൻ കഴിയുമായിരുന്നുള്ളൂ. അങ്ങനെ വ്യത്യസ്തരംഗങ്ങളിൽ എങ്ങനെ പ്രവർത്തിക്കണം എന്നുള്ളതിന് ഉത്തമമായ മാതൃക കാട്ടിക്കൊണ്ട് അദ്ദേഹം പ്രവർത്തിച്ചിരുന്ന മേഖലയിലെ ജനങ്ങളുടെ മനസ്സിൽ ജ്യേഷ്ഠസ്ഥാനീയമായ ഒരു സ്ഥാനം നേടിയെടുക്കാൻ കഴിഞ്ഞ അദ്ദേഹം അവസാന ശ്വാസം വരെ പ്രവർത്തനനിരതനായിരുന്നു. ഇങ്ങനെ എല്ലാ തരത്തിലും ഉത്തമമാതൃകയായി പ്രവർത്തിച്ച ഒരു പൊതു പ്രവർത്തകനെയാണ് നമുക്ക് നഷ്ടപ്പെട്ടത്. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു. അദ്ദേഹത്തിന്റെ നിര്യാണംമൂലം ദു:ഖം അനുഭവിക്കുന്ന എല്ലാപേരോടുമുള്ള അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, നമ്മെ വിട്ടുപിരിഞ്ഞ ടി. കെ. ബാലനെക്കുറിച്ച് അങ്ങും സഭാ നേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായും യോജിക്കുന്നു. 6-ാം ക്ളാസിൽ ഞാനും 8-ാം ക്ളാസിൽ ടി. കെ. ബാലനും ഒരേ പ്രദേശത്തുനിന്നും രാവിലെ പഠിക്കാൻ പോയി വൈകുന്നേരം തിരികെ വരുന്നതുമായ സുഹൃത്തുക്കൾ പലപ്പോഴും പ്രകടിപ്പിക്കാറുള്ള വികാരം, പിന്നീട് ഉയർന്ന സ്ഥാനങ്ങൾ വഹിക്കാൻ ഇടവന്നപ്പോഴും കണ്ടുമുട്ടുമ്പോഴൊക്കെ ഓർമ്മിപ്പിച്ചിരുന്നത് സ്വാഭാവികമായി ഈ ഘട്ടത്തിൽ ഞാൻ ഓർത്തുപോകുന്നു. ധർമ്മടം രാഷ്ട്രീയ പ്രവർത്തകർക്ക് പിൻബലം നൽകുന്ന പ്രദേശങ്ങളിൽ ഒന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം എം.എസ്സ്.ആർ-ഉം കെ.എസ്.ആർ.-ഉം ഒന്നിച്ചുകൊണ്ടുപോകാൻവേണ്ടി ആഗ്രഹിച്ചിരുന്നത് ഇപ്പോഴും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. സർവ്വീസിലുള്ള ഒരു ജീവനക്കാരൻ, എന്ന നിലയിൽ ജീവനക്കാർക്കുവേണ്ടി വാദിക്കുമ്പോൾ, ഗവണ്മെന്റിനോടും ജനങ്ങളോടുമുള്ള കടപ്പാടിനെക്കുറിച്ച് അവരെ ബോദ്ധ്യപ്പെടുത്താൻ ടി. കെ. ബാലനെപ്പോലെ ശ്രമിച്ചിട്ടുള്ള അപൂർവ്വം സർവ്വീസ് നേതാക്കന്മാർ മാത്രമേ കേരളത്തിൽ ഉണ്ടായിട്ടുള്ളൂ. ഈ സഭയിൽ ടി. കെ. ബാലന്റെ ആദ്യത്തെ പ്രസംഗം കേട്ടപ്പോൾ ഈ നിയമസഭയിൽ അംഗമായിട്ടുള്ള സഖാവ് പത്മനാഭന്റെ പ്രസംഗം ഞാൻ ഓർക്കുകയുണ്ടായി. എൻ. ജി. ഒ. യൂണിയന്റെ മറ്റൊരു നേതാവ് സഖാവ് പത്മനാഭൻ തുടങ്ങിവച്ച അതേ ശൈലിയിൽ ടി. കെ. ബാലൻ അദ്ദേഹത്തിന്റെ നിയമസഭാപ്രവർത്തനം അവസാന കാലഘട്ടംവരെ തുടർന്നു എന്നുള്ളത് വസ്തുതയാണ്. മേനകൂടവും ജനങ്ങളും ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കേണ്ട ജീവനക്കാരും തമ്മിൽ അഭേദ്യബന്ധം ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ അത് നാടിന് ഗുണമാവില്ല എന്ന് വിശ്വസിച്ചുകൊണ്ട് ജീവനക്കാർക്കുവേണ്ടി വിട്ടുവീഴ്ചയില്ലാതെ പോരാട്ടം നടത്തിയിട്ടുള്ള ടി. കെ. ബാലനെപ്പോലുള്ള ആളുകളുടെ ഓർമ്മ ഇന്നത്തെ തലമുറയെ സംബന്ധിച്ചിടത്തോളം എന്നുമെന്നും പ്രയോജനപ്രദമാകുമെന്ന് വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ സ്മരണ അതിന് ഇടവരുത്തും എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളും പാർട്ടിയും സുഹൃത്തുക്കളും അനുഭവിക്കുന്ന ദു:ഖത്തിൽ ഞാനും പങ്കുചേരുന്നു.

ശ്രീ. വി. സി. കബീർ : സർ, ബാലേട്ടന്റെ വിയോഗത്തെക്കുറിച്ച് അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. സർവ്വീസ്, സംഘടനാ രംഗത്തും അദ്ധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഉണ്ടായിരുന്ന ടി. കെ. ബാലന്റെ സാന്നിദ്ധ്യവും നേതൃത്വവും അദ്ദേഹം നൽകിയിട്ടുള്ള സംഭാവനകളും വിലമതിക്കാനാവാത്തതാണ്. ഗുരു ആയും സുഹൃത്ത് ആയും അദ്ദേഹം ആളുകളോട് പെട്ടെന്ന് ഇടപഴകുമായിരുന്നു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ആവശ്യമായ സന്ദർഭത്തിലാണ് വിധി അദ്ദേഹത്തെ അപഹരിച്ചത്. അദ്ദേഹത്തിന്റെ വിയോഗത്തിലുള്ള ദു:ഖത്തിൽ പങ്ക് ചേരുകയും അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

ശ്രീ. പി. സി. ജോർജ്ജ് : സർ, ടി. കെ. ബാലന്റെ നിര്യാണത്തിൽ അങ്ങും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായും ഞാൻ യോജിക്കുന്നു. അദ്ദേഹം എനിക്ക് ഒരു ജ്യേഷ്ഠ സഹോദരനെപ്പോലെയാണ്. അതോടൊപ്പം നല്ല സുഹൃത്തുമായിരുന്നു. അദ്ദേഹത്തിന് ബോദ്ധ്യമുള്ള കാര്യങ്ങളിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും തയ്യാറായിരുന്നില്ല. അദ്ദേഹം വിശ്വസിച്ചിരുന്ന പ്രമാണങ്ങൾക്കുവേണ്ടി വിട്ടുവീഴ്ചയില്ലാതെ ആരോടും പോരാടുന്നതിനുള്ള തന്റേടവും അദ്ദേഹത്തിനുണ്ടായിരുന്നു. നിയമസഭാ

LIBRARY ARCHIVES Kerala Legislative Assembly

സാമാജികൻ എന്ന നിലയിൽ അംഗങ്ങൾ പ്രകടിപ്പിക്കുന്ന വികാരങ്ങളിൽ തിരുത്തൽ ആവശ്യമുള്ള കാര്യങ്ങളുണ്ടായാൽ അതു തിരുത്തുന്നതിനു വേണ്ടി അദ്ദേഹം ഒരു മടിയും കാണിച്ചിരുന്നില്ല. അദ്ദേഹം സഭയിൽ ഇല്ലാത്തപ്പോഴും സഭയിൽ നടക്കുന്ന ചർച്ചകളിൽ അദ്ദേഹത്തിനുണ്ടായിരുന്ന അഭിപ്രായങ്ങൾ ഫോണിലൂടെ പ്രകടിപ്പിച്ചിരുന്നു എന്ന കാര്യം ഞാൻ ഓർക്കുന്നു. അതിപ്രഗത്ഭനായ ഒരു നേതാവിനെയാണ് ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് നഷ്ടമായിരിക്കുന്നത്. നല്ല ഒരു സുഹൃത്ത് കൂടിയായിരുന്ന ടി. കെ. ബാലന്റെ നിര്യാണം എല്ലാവരേയും വേദനിപ്പിച്ചു. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കു മുമ്പിൽ ആദരാഞ്ജലികളർപ്പിക്കുന്നു. വേദനിക്കുന്ന അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളേയും അദ്ദേഹത്തിന്റെ നഷ്ടം കൊണ്ട് ഏറ്റവുമധികം വേദനിക്കുന്ന അദ്ദേഹത്തിന്റെ പ്രസ്ഥാനത്തേയും ദു:ഖം അറിയിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

മി. സ്പീക്കർ : അന്തരിച്ച മഹത്വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റു നിന്ന് മൗനമാചരിച്ചു.)

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 ജൂലൈ മാസം 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 9.46-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly